# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3118 — 15.02.2013 ൽ - മറുപടിക്ക്

## ഇ.പി.ഡി.എസ്. പദ്ധതി

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ.കെ. ശിവദാസൻ നായർ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, അൻവർ സാദത്ത്<br>,, സി.പി. മുഹമ്മദ് | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഇ.പി.ഡി.എസ് പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;<br><br>(ബി) സംസ്ഥാനത്തെ പൊതു വിതരണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദീകരിക്കാമോ ; | (എ) & (ബി) | ഇ.പി.ഡി.എസ് പദ്ധതി നടപ്പാക്കുന്നതിലൂടെ കേരളത്തിലെ പൊതുവിതരണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിതരണ ശൃംഖല കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സാധിക്കും. മാത്രമല്ല, സുതാര്യവും ഫലപ്രദവുമായ പൊതുവിതരണം ഉറപ്പ് വരുത്തുന്നതിനും ഉത്തരവാദിത്തപൂർണ്ണവും അഴിമതി രഹിതവുമായ പൊതുവിതരണ ശൃംഖല കെട്ടിപ്പടുക്കുവാനും ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ സാധിക്കുന്നതാണ്. ഈ പദ്ധതിയിൽ ചുവടെപ്പറയുന്ന നാല് ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>1. റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക<br>2. എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുക.<br>3. യഥാർത്ഥ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻ സാധനങ്ങൾ കൃത്യമായ അളവിൽ റേഷൻ കടകളിലൂടെ നൽകുന്നതിനുള്ള സംവിധാനം തയ്യാറാക്കുക.<br>4. ഗുണഭോക്താക്കൾക്ക് സുതാര്യമായ പരാതി പരിഹാര സംവിധാനം ഒരുക്കുക. |
| (സി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ; | (സി) | ടി പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. |
| (ഡി) എന്തെല്ലാം കേന്ദ്ര സഹായമാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നത് ? | (ഡി) | കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട മാനദണ്ഡ പ്രകാരമുള്ള തുകയുടെ 50% കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കും. |

സെക്ഷൻ ഓഫീസർ